

# ഉത്തമകാവ്യം

തൊടുപുഴ കെ. ശങ്കർ

സഭ്യതയൊരു മുഖ്യ-
ഘടകം കവിതയിൽ
ലഭ്യമാകണമോരോ
കവിക്കും പിഴയ്ക്കാതെ!

പദ്യരൂപമോ അല്ല
ഗദ്യരൂപമോ കാവ്യം,
ഉദ്യമിക്കണം സഭ്യ-
ശൈലിയിൽ വിരചിപ്പാൻ

വ്രുത്തവുമതുപോലെ
ചന്തവും ചമൽക്കാര
വ്രുത്തിയും പാലിക്കിലേ
കാവ്യമാകുകയുള്ളു!

മുഗ്ദ്ധസൗന്ദര്യം വേണ-
മൊപ്പത്തിനൊപ്പം ഭാഷാ-

ശുദ്ധിയുമതിനൊപ്പം
കാവ്യത്തിലുടനീളം

പകവീട്ടുവാനുള്ള
മാധ്യമമല്ല കാവ്യം
പകരം പരസ്പര-
സ്നേഹവർദ്ധനയ്ക്കല്ലോ!

സത്തമ, സമാധാന,
സുന്ദര, സുഹ്രുദ്ബന്ധം
സതതം വളർത്തുവാൻ
മാത്രമാകണം കാവ്യം!

********